പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2017 — 04.05.2017 ൽ മറുപടിക്ക്

**ശബരിമലയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.മുരളീധരൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിൽ 23.3 കോടി രൂപ ചെലവഴിച്ച് സജ്ജീകരിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമല്ലെന്നുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | പ്ലാന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; | (ബി) | പി.വി.സി പൈപ്പുകൾ മാറ്റി കാസ്റ്റ് അയൺ പൈപ്പ് സ്ഥാപിക്കുന്ന ജോലി, ഔസോണേഷൻ ഫലപ്രദമാക്കി ഡിസ് ഇൻഫെക്ഷൻ ചെയ്യുന്ന ജോലി, സംരക്ഷണ ഭിത്തികളുടെ നിർമ്മാണം, എസ്.ടി.പി യുമായി ഇനിയും ബന്ധപ്പെടുത്താത്ത ലൈനുകളുടെ ജോലി തുടങ്ങിയവ ഉടൻ നടപ്പിലാക്കുന്നതിന് കരാറുകാരന് ട്രാവൻകൂർ ദേവസ്വം ബോർഡ് നിർദ്ദേശം നൽകി. |
| (സി) | പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമല്ലെന്നുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് ഉപേക്ഷിക്കാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ? | (സി) | ചീഫ് ടെക്നിക്കൽ എക്സാമിനറിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ പരിഹരിക്കുന്നതിന് കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ